# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ന്യൂ മാഹി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/300/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 28/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ന്യൂ മാഹി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.7/300/2023 തീയ്യതി: 28/03/2023

## കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ന്യൂ മാഹി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-06-2022 മുതൽ 22-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജിലൻ. എം. സി. | ഡെപ്യൂട്ടി ഡയറക്ടർ | 23-02-2023 | 04-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-02-2023 | 04-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ഷിജു. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഗോകുൽ. ഡി. കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സെയ്ത്തു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ഷീജാമണി. കെ. | സെക്രട്ടറി | 01-04-2021 | 01-06-2021 |
| ശ്രീമതി. നിഷ. പി. വി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-06-2021 | 31-07-2021 |
| ശ്രീമതി. ഷീജാമണി. കെ. | സെക്രട്ടറി | 01-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. നിഷ. പി. വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 25-10-2021 |
| ശ്രീ. രാജീവ് കുമാർ. വി. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 26-10-2021 | 02-11-2021 |
| ശ്രീ. അരുൺ ജിതേഷ് | അസിസ്റ്റന്റ് സെക്രട്ടറി | 03-11-2021 | 31-03-2022 |
| ശ്രീ. പ്രീയ. വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. ഷിഹാബ് ബാബു | കൃഷി ഓഫീസർ | 01-04-2021 | 04-07-2021 |
| ശ്രീമതി. ദീപ. കെ. | കൃഷി ഓഫീസർ | 05-07-2021 | 04-11-2021 |
| ശ്രീമതി. അഗിഷ. എസ്. | കൃഷി ഓഫീസർ | 05-11-2021 | 31-03-2022 |
| ശ്രീമതി. രസിത. കെ. എം. | വി.ഇ.ഒ. ന്യൂമാഹി | 01-04-2021 | 31-03-2022 |
| ശ്രീമതി. സുമിത. വി. | വി.ഇ.ഒ. കുറിച്ചിയിൽ | 01-04-2021 | 23-06-2021 |
| ശ്രീമതി. രസിത. കെ. എം. | വി.ഇ.ഒ. കുറിച്ചിയിൽ | 24-06-2021 | 30-06-2021 |
| ശ്രീമതി. രജി തുണ്ടോളി | വി.ഇ.ഒ. കുറിച്ചിയിൽ | 01-07-2021 | 31-03-2022 |
| ഡോ. സജിത്ത് പ്രസാദ്. | മെഡിക്കൽ ഓഫീസർ FHC | 01-04-2021 | 31-03-2022 |
| ഡോ. സുജയ് മോഹൻദാസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. സന്തോഷ് കുമാർ. ടി. വി. | മെഡിക്കൽ ഓഫീസർ GAD | 01-04-2021 | 31-03-2022 |
| ഡോ. സീമ. പി. എസ്. | മെഡിക്കൽ ഓഫീസർ GHD | 01-04-2021 | 31-03-2022 |
| ശ്രീമതി. ജീന കോറോത്ത് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. സുഭാഷ്. എസ്. | ഡയറി എക്സ്റ്റൻഷൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| എൽ. | ഓഫീസർ | | |
| ശ്രീ. റിജുൽ രാജ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ശാലിനി ദേവി. | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | പുതുക്കിയ ബജറ്റ് | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 4 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം. | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | ഗ്രാമ സഭ | 1-10 |
| 13 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പുവരുത്തുന്നില്ല. | 1-11 |
| 14 | അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് വസ്തു നികുതി പുനർ നിർണ്ണയിട്ടിച്ചില്ല ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം | 1-12 |
| 15 | വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-13 |
| 16 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ | 1-14 |
| 17 | ഷോപ്പിംഗ് കോംപ്ലക്സ് വാടക -സർക്കാർ അംഗീകൃത ബൈലോ തയ്യാറാക്കിയില്ല,വാടകക്കാരുമായി ചട്ട പ്രകാരം കരാർ ചമക്കുന്നില്ല | 1-15 |
| 18 | സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-16 |
| 19 | പെൻഷൻ വിതരണം- മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാത്തത് മൂലം പെൻഷൻ തുക അധികമായി നൽകപ്പെടുന്നു | 1-17 |
| 20 | പത്താംതരം തുല്യത , ഹയർസെക്കൻഡറി തുല്യത , ഗുഡ് ഇംഗ്ലീഷ് കോഴ്സ് -അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-18 |
| 21 | ഐ കെ എമ്മിന് വിഹിതം -വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല | 1-19 |
| 22 | എഫ്.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -₹32341 യുടെ മരുന്നുകൾ ലഭിച്ചിട്ടില്ല | 1-20 |
| 23 | സാന്ത്വന പരിചരണം ₹19144 യുടെ മരുന്ന് ലഭ്യമായില്ല | 1-21 |
| 24 | എഫ്.എച്ച്.സിയിൽ IECകൾ സ്ഥാപിക്കൽ -സ്ഥാപിച്ചതിന്റെ വിവരങ്ങളില്ല | 1-22 |

| | | |
|---|---|---|
| | ₹93912യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 25 | ക്ഷീരസംഘം മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-23 |
| 26 | ഐ ടി വിദഗ്ധന് വേതനം - അപാകതകൾ | 1-24 |
| 27 | സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ പൂർത്തീകരണ വിവരം ലഭ്യമല്ല ₹130503യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |
| 4 | INCOME & EXPENDITURE STATEMENT | |
| 5 | BALANCE SHEET | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ 2021-22ലെ ബജറ്റ് 24-2-2021 ലെ 64-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,68,70,457 |
| വരവ് | 9,42,90,654 |
| ആകെ | 11,11,61,111 |
| ചെലവ് | 9,33,20,000 |
| നീക്കിയിരിപ്പ് | 1,78,41,111 |

### 1-1-1 പുതുക്കിയ ബജറ്റ്

ന്യൂമാഹി ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് 30-3-2022 ലെ 74(2)/22 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,93,01,737 |
| വരവ് | 11,35,33,873 |
| ആകെ | 13,28,35,610 |
| ചെലവ് | 11,30,71,448 |
| നീക്കിയിരിപ്പ് | 1,97,64,162 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2022 | 5-7-2022 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.B-18 ഷെഡ്യൂൾ പ്രകാരം ₹589047 അഡ്വാൻസിനത്തിൽ ക്രമീകരിക്കാൻ ബാക്കിയുണ്ട്. ഈ തുകയുടെ വിശദവിവരങ്ങൾ പരിശോധിക്കുന്നതിന് അഡ്വാൻസ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

2.ലൈബ്രറി സെസ്സ് ഇനത്തിൽ സഞ്ചയ പ്രകാരം വരവ് ₹109135 യും RP-35ഷെഡ്യൂൾ പ്രകാരം ₹109190 യും ആണ്. ₹55 യുടെ വ്യത്യാസമുണ്ട്.

3.2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പായുള്ള തുകകളും 2021-22 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരം മുന്നിരിപ്പായുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | B-4ഷെഡ്യൂൾ പ്രകാരം | 2021-2022 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരം |
|---|---|---|
| Integrated Child Development Service | 1,78,756 | 4,22,476 |
| Grant From Suchitwa Mission | 10,81,317 | 22,34,004 |
| Joint Venture Projects Block Panchayat | 18,29,390 | 25,29,390 |
| Beneficiary Contribution | 1,30,453 | 4,06,367 |

4. കെ.എസ്.ഇ.ബിക്ക് ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ നൽകിയ ₹130503 യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഈ തുക B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.B-4 ഷെഡ്യൂളിൽ Donations To CMDRF എന്നയിനത്തിൽ ₹6600 ബാധ്യതയുണ്ട്. ഈ തുക 2019-20, 2020-21 വർഷങ്ങളിലും ബാധ്യതയാണ്. ആയതിന്റെ സാഹചര്യം വ്യക്തമാക്കിയിട്ടില്ല

6.B-9 ഷെഡ്യൂളിൽ Stale Cheques ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയ ₹29097യുടെ വിശദാംശങ്ങൾ

ലഭ്യമാക്കിയിട്ടില്ല.

7.B-9 ഷെഡ്യൂളിൽ 2022 മാർച്ച് മാസത്തെ ഹോണറേറിയം, താൽക്കാലിക ജീവനക്കാരുടെ ശമ്പളം, ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവ ബാധ്യതയായി കാണിച്ചിട്ടില്ല.

8.2011 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തന്മാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ വർഷാന്ത്യത്തിൽ Closing Stockന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

9.ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള 68580200000140, 68580100004021 എന്നീ നമ്പർ പ്രകാരമുള്ള അക്കൗണ്ടുകൾ എന്തിനു വേണ്ടിയുള്ളതെന്ന് വ്യക്തമല്ല. പാസ്ബുക്കുകളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. ഈ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുണ്ടോ എന്ന വിവരം ലഭ്യമല്ല. ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കിയിട്ടില്ല.

10.ആസ്തി ഡിപ്രിസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

11.ദുരിതാശ്വാസ നിധി വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പരിശോധിക്കുന്നതിന് ബന്ധപ്പെട്ട രജിസ്റ്ററുകളും പാസ്സ് ബുക്കും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

12.ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ B-4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയ തുക ഏതാവശ്യത്തിന് ലഭിച്ചതാണെന്നും ഏത് വർഷം ലഭിച്ചതാണെന്നും വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

13.വാർഷിക കണക്കിൽ 2011-ലെ കേരള പഞ്ചായത്ത് ആക്ട് അക്കൗണ്ട്സ് ചട്ടങ്ങളിൽ (ചട്ടം 62) നിർദ്ദേശിച്ചിരിക്കുന്ന അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

14.വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,59,60,228 |
| വരവ് | 4,40,43,536 |
| ആകെ | 6,00,03,764 |
| ചെലവ് | 4,06,40,975 |
| നീക്കിയിരിപ്പ് | 1,93,62,789 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | ₹2,24,415 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 11494569 | 11494569 | 9343294 | 2151275 | 81.28 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 417393 | 417393 | 388000 | 29393 | 93 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 2517397 | 2517397 | 1270019 | 1247378 | 50 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 5870316 | 5870316 | 3696384 | 2173932 | 21.35 |

| | | | | | | | |
|---|---|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് - റോഡ് | | 0 | 4273010 | 4273010 | 727000 | 3546010 | 17 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | | 0 | 4884796 | 4884796 | 2698920 | 2185876 | 55 |
| തൊഴിലുറപ്പ് പദ്ധതി | ഭരണചെലവ് | 997 | 315222 | 316219 | 314809 | 1410 | |
| | തൊഴിലാളികളുടെ കൂലി | | 3742227 | 3742227 | 3742227 | | |
| ടോട്ടൽ സാനിറ്റേഷൻ | | 213950 | 0 | 213950 | 73683 | 140267 | |
| ഐ.സി.ഡി.എസ്. | | 178756 | 435088 | 613844 | 159735 | 454109 | |
| എം.പി. ഫണ്ട് | | 2475 | 69 | 2544 | 0 | 2544 | |
| ശുചിത്വമിഷൻ | | 1081317 | 0 | 1081317 | 81317 | 1000000 | |

സ്ഥാപനം 2021-22 വർഷത്തെ ഗ്രാന്റ് പത്രിക സമർപ്പിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 164 | 53942948 | 128 | 26048251 | 15 | 36 | 68.9 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 34 | 29 | 9275015 | 6205068 | 66.9 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 4 | 368800 | 310346 | 84.15 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 47 | 28 | 17406283 | 4677139 | 26.87 |
| 4 | കൃഷി ഓഫീസർ | 10 | 10 | 1026500 | 814056 | 79.3 |
| 5 | വി.ഇ.ഒ. ന്യൂമാഹി | 15 | 13 | 7577187 | 2326125 | 30.7 |
| 6 | വി.ഇ.ഒ. കുറിച്ചിയിൽ | 10 | 5 | 3984400 | 1363633 | 34.22 |
| 7 | മെഡിക്കൽ ഓഫീസർ FHC | 11 | 9 | 6627240 | 3738876 | 56.42 |
| 8 | മെഡിക്കൽ ഓഫീസർ GAD | 1 | 1 | 600000 | 600000 | 100 |
| 9 | മെഡിക്കൽ ഓഫീസർ GHD | 1 | 1 | 350000 | 350000 | 100 |
| 10 | വെറ്റിനറി സർജൻ | 8 | 8 | 1438000 | 577480 | 40.16 |
| 11 | ICDS സൂപ്പർവൈസർ | 6 | 5 | 2567500 | 2442515 | 95.13 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 86000 | 86000 | 100 |
| 13 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 6 | 6 | 826071 | 810689 | 98.14 |

| | | | | | | |
|---|---|---|---|---|---|---|
| 14 | ഹെഡ് മാസ്റ്റർ | 9 | 8 | 1809952 | 1746324 | 96.48 |
| | ആകെ | 164 | 128 | 53942948 | 26048251 | 48.29 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 997 | 315222 | 316219 | 314809 | 1410 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3742227 | 3742227 | 3742227 | 0 |
| ആകെ | 997 | 4057449 | 4058446 | 4057036 | 1410 |

തൊഴിലുറപ്പ് പദ്ധതിയിലെ ലഭ്യമായ രേഖകൾ പ്രകാരം ആകെ ചെലവ് 4057449രൂപയാണ്. എന്നാൽ ഐ 6 ഷെഡ്യൂൾ പ്രകാരം ചെലവ് 4055257രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 13 | 236800 |
| വിധവാ പെൻഷൻ | 654 | 9823600 |
| വാർദ്ധക്യകാല പെൻഷൻ | 1652 | 24198200 |
| വികലാംഗ പെൻഷൻ | 193 | 2763700 |
| അവിവാഹിത പെൻഷൻ | 109 | 1727200 |
| വിവാഹ ധനസഹായം | 3 | 90000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-2-2023 ന് 1.10 Pm സമയത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹4,557 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും കാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും സുഗമമായ ഓഫീസ് പ്രവത്തനത്തിനുതകുന്നിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമ സഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ പതിമൂന്ന് വാർഡുകളിലും തൻവർഷം 12/2021, 1/2022 എന്നീ മാസങ്ങളിൽ രണ്ട് തവണ ഗ്രാമസഭായോഗം ചേർന്നിട്ടുണ്ട്.

## 1-11 കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പുവരുത്തുന്നില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2017-18, 2018-19 കാലയളവിൽ വിവിധ റസിഡൻഷ്യൽ

ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻ വേണ്ടി അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ നാളിതുവരെ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയം നടത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ/ തീയ്യതി | കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം | സഞ്ചയപ്രകാരം നികുതി നിർണ്ണയിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | 12/251 | കോടികുന്നമ്മൽ രാജൻ | A1-BA(287328)/2018, 13-12-2018 | 80.09ച.മീ (Exi) 61.35ച.മീ (Pro) | താഴത്തെ നില 83 ച. മീ |
| 2 | 9/155 | പൊയിൽ പുത്തൻപുരയിൽ സുലൈഖ | A1-BA(293091)/2018, 21-12-2018 | 117.68 ച.മീ(Exi) 117.68ച.മീ(Pro) | താഴത്തെ നില 142.48 ച. മീ |
| 3 | 6/337 | അനുഷാ വിനോദ് കേളോത്ത് ,ആദർശ് വിനോദ് കേളോത്ത് | A1-BA(225788)/2018, 24-09-2018 | 82.52 ച.മീ(Exi) 66.66 ച.മീ (Pro) | താഴത്തെ നില 76.3 ച. മീ ഒന്നാം നില 6.6 ച. മീ |
| 4 | 5/72A | അനീഷ് കെ | A1-BA(96546)/2018, 19-05-2018 | 76.24 ച.മീ(Exi) 50.04 ച.മീ (Pro) | താഴത്തെ നില 69.73 ച. മീ ഒന്നാം നില 10 ച. മീ |
| 5 | 2/74B | ഡേവിസ് റോൾഡ്രോൺ & റോജസ് റോൾഡ്രോൺ | A1-BA(6759)/2018, 14-02-2018 | 61 ച.മീ (Exi) 82.51 ച.മീ (Pro) | താഴത്തെ നില 61 ച. മീ |

പെർമിറ്റ് കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ഒക്യുപ്പൻസി അനുവദിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുകയോ ചെയ്യാത്ത ഇത്തരം കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന് (9/01.03.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണത്തിന് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനുമാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ആയതിൽ നിന്നും കൂട്ടിചേർക്കൽ വരുത്തിയതും ഘടന പരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 1-12 അനധികൃത നിർമ്മാണം ക്രമവൽക്കരിച്ച് വസ്തു നികുതി പുനർ നിർണ്ണയിട്ടിച്ചില്ല ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം

കേളോത്ത് വാഹിദ, അസ്‌വ, പെരുമുണ്ടെരി, ന്യൂ മാഹി എന്നവരുടെ ഉടമസ്ഥതയിലുള്ള റി.സ 1/165 ൽ പ്പെട്ട വാസഗൃഹത്തിന്റെ (ബിൽഡിംഗ് നമ്പർ 5/211A) ഒന്നാം നിലയിൽ കൂട്ടിച്ചേർക്കലുകൾ നടത്താനായി പ്രസ്തുത വ്യക്തി സമർപ്പിച്ച ബിൽഡിംഗ് പെർമിറ്റ് അപേക്ഷ പ്രകാരം ഗ്രാമപഞ്ചായത്ത് അധികൃതർ പ്രസ്തുത കെട്ടിടത്തിന്റെ സ്ഥല പരിശോധന നടത്തുകയും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെ കൂട്ടിച്ചേർത്തിരിക്കുന്ന ഭാഗം ക്രമവൽക്കരിക്കുവാനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ ലഭിക്കുകയോ തുടർ നടപടികൾ കൈക്കൊള്ളുകയോ ചെയ്തിട്ടില്ല. (File No.401070/BPRL01/GENERAL

/2021/2642,തീയ്യതി:16-09-2021 ). പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ കെട്ടിടത്തിൽ കൂട്ടിച്ചേർത്തിരിക്കുന്ന ഭാഗത്തിന്റെ വിസ്തീർണ്ണം നാളിതുവരെ വസ്തു നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. കെട്ടിടത്തിൽ കൂട്ടിച്ചേർത്ത ഭാഗത്തിന്റെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു. (ബിൽഡിംഗ് എക്സ്റ്റൻഷനുള്ള പെർമിറ്റ് അപേക്ഷ, പ്ലാൻ എന്നിവ പ്രകാരം)

| ഉടമയുടെ പേര് | കെട്ടിട നമ്പർ | കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിന് മുൻപുള്ള വിസ്തീർണ്ണം | കെട്ടിടത്തിൽ കൂട്ടിച്ചേർക്കാൻ അപേക്ഷ സമർപ്പിച്ച ഭാഗത്തിന്റെ വിസ്തീർണം | നിലവിൽ നികുതി നിർണ്ണയിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം (സഞ്ചയ പ്രകാരം) |
|---|---|---|---|---|
| കേളോത്ത് വാഹിദ, അസ് വ, പെരുമുണ്ടെരി, ന്യൂ മാഹി | 5/211A | താഴത്തെ നില 115.44 ച.മീ, ഒന്നാമത്തെ നില 15.20 ച.മീ, പോർച്ച് 4.74 ച.മീ | ഒന്നാമത്തെ നില 81.54 ച.മീ | താഴത്തെ നില 121.14 ച.മീ ഒന്നാമത്തെ നില 15.4 ച.മീ |
| ആകെ | | 135.38 ച.മീ | 81.54 ച.മീ | 136.54 ച.മീ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/2.03.2023) മേൽ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട് . പ്രസ്തുത കെട്ടിടത്തിൽ കൂട്ടിച്ചേർത്തിരിക്കുന്ന ഭാഗം ക്രമവൽക്കരിച്ച് വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചത് മുതലുള്ള വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

2021-22 സാമ്പത്തിക വർഷത്തിൽ FTE & OS ലൈസൻസ് നേടിയ ചുവടെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും (ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിലെ FTE & OS ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരം) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം/കെട്ടിട നമ്പർ | ഉടമയുടെ പേര് | ലൈസൻസ് നമ്പർ | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | നോബിൾ ഡയഗ്നോസ്റ്റിക്സ് (X/298 E&F) | സുഹൈൽ സലീം ഹസ്ന ഹൗസ്, മേലെ ചൊവ്വ, കണ്ണൂർ | 311/2021(11.11.2021) | 2 |
| 2 | ഓട്ടോ സോൺ (XIII/160&161) | നംഷീൽ കാനോത്ത് ഹൌസ്, അഴിയൂർ | 260/2021(07.12.2021) | 2 |
| 3 | അശ്വതി ടിംബേർസ് (X/24) | കെ കെ പ്രകാശൻ കരിപ്പുള്ളി താഴെ കുനി, ചൊക്ലി | 165/2021(03.08.2021) | 2 |

| | | | | |
|---|---|---|---|---|
| 4 | ഡെസ്റ്റിനി ഗോ ഹോളിഡേയ്സ് & കൺസൽട്ടൻറ്സ് (X/97) | സിബ എം ക്രീക്ക് പെരിങ്ങാടി ന്യൂ മാഹി | 09/2021(18.08.2021) | 2 |
| 5 | സ്റ്റാർ ഫ്ലോർ മിൽ (III/42B) | അഭിലാഷ് കെ അനനന്ദനം കുറിച്ചിയിൽ | 83/2021(18.08.2021) | 2 |
| 6 | ബി കെ മാർട്ട് (I/45C) | മുഹമ്മദ് സഫ്‌വാൻ സൈനം ഷാലിമാർ മുണ്ടോക്ക്, മാഹി | 136/2021(21.04.2021) | 8 |
| 7 | സി.സൺസ് ഫുഡ് പ്രോഡക്ട്സ്(X/339) | അബൂബക്കർ സിദ്ധിക്ക് സി എച്ച് ഷഫ്നാസ് ന്യൂ മാഹി | 58/2021(23.11.2021) | 3 |
| 8 | ഗഡ്സമാൻ പ്ലൈനറിങ് സെന്റർ (X/66) | ജോയ്. എൻ. എക്സ് ചെറു കല്ലായി ന്യൂ മാഹി | 24/2021(31.08.2021) | 2 |
| 9 | സേവികാ ജന സേവന കേന്ദ്രം (X/98) | സിബ എം ക്രീക്ക് പെരിങ്ങാടി ന്യൂ മാഹീ | 08/2021 (ലൈസൻസ് പുതുക്കിയ തീയതി 10.03.2022) | 2 |
| 10 | ഫുൾ കാർട്ട് സൂപ്പർ മാർക്കറ്റ്, എൽ എൽ പി (XI/247A,247B) | അസ്ക്കർ വയൽ പുരയിൽ ബീതാങ്കളുടെബി മഹൽ ചിറക്കര തലശ്ശേരി | 295/2021(8.10.2021) | 8 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/24-02-2023) ന് മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലെടുക്കുകയും ചട്ടത്തിൽ (1996 പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3) അനുശാസിക്കുന്ന വേതനം കൈപ്പറ്റുകയും ചെയ്യുന്ന എല്ലാവരും നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്.മേൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205, 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവ നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാകേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി നിയമാനുസൃതമായ ഇളവുകളില്ലാത്ത എല്ലാ വിഭാഗം ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

## 1-14 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകങ്ങൾ

1.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം

സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ചട്ടപ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം 500,1000,5000,10000,15000 ആയിരിക്കെ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത ചട്ടത്തിന് വിരുദ്ധമായാണ് ലൈസൻസ് ഫീസ് ഈടാക്കിയത് .

| ക്രമ നമ്പർ | സ്ഥാപനം/മേഖല | വാർഡ് /കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധനനിക്ഷേപം (അപേക്ഷ പ്രകാരം) | ഈടാക്കിയ തുക/ രശീത് നമ്പർ /തീയതി |
|---|---|---|---|---|---|
| 1 | മയ്യലവിയ സോ മിൽ ( ഈർച്ച മിൽ) / ഉത്പ്പാദനം (ലൈസൻസ് നമ്പർ 163/2021) | X/26 | യു ടി ഷീബ കരിപ്പള്ളി താഴെ കുനി ചൊക്ലി | 10 ലക്ഷം | ₹1500 12101100610/30.07.2021 |
| 2 | ആഷി വുഡ് ടെക്ക് ( ഈർച്ച മിൽ, ഫർണിച്ചർ നിർമ്മാണം) / ഉത്പ്പാദനം (ലൈസൻസ് നമ്പർ 164/2021) | IX/84 | കെ കെ പ്രകാശൻ കരിപ്പള്ളി താഴെ കുനി ചൊക്ലി | 15 ലക്ഷം | ₹1500 1210100609/30.07.2021 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1/24-02-2023) മേൽ കക്ഷികളുടെ വ്യാപാര സ്ഥാപങ്ങൾക്കുള്ള FTE & OS ലൈസൻസ് ഫീസ് 2023-24 സാമ്പത്തിക വർഷം ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സംരംഭകരിൽ നിന്നും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് മാത്രമേ ഈടാക്കുന്നുള്ളൂ എന്നത് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുന്നതും മേൽ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 ഷോപ്പിംഗ് കോംപ്ലക്സ് വാടക -സർക്കാർ അംഗീകൃത ബൈലോ തയ്യാറാക്കിയില്ല,വാടകക്കാരുമായി ചട്ട പ്രകാരം കരാർ ചമക്കുന്നില്ല

ന്യൂ മാഹി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്, കട മുറികൾ എന്നിവ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയ സർക്കാർ അംഗീകൃത ബൈലോ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്കെടുത്തിരിക്കുന്ന വാടകക്കാരുമായി ചട്ട പ്രകാരം (2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1)) ചമച്ച കരാർ രേഖകൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന്(5/27.02.2023) 2021-22 വർഷത്തിൽ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്കെടുത്തിരിക്കുന്ന വാടകക്കാരുമായി കരാർ ചമച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല എന്നും ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 6-11-2020-ലെ തീരുമാനം നമ്പർ 236/2020 പ്രകാരം ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിട മുറികളുടെ വാടക ഈടാക്കുന്നത് സംബന്ധിച്ച കരട് നിയമാവലി അന്തിമമാക്കുകയും ആയതിന് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടുന്നതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആയത് പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി അടിയന്തിരമായി അയച്ച് നൽകുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ അംഗീകൃത ബൈലോ,വാടക വ്യവസ്ഥകൾ കൃത്യമായി പ്രതിപാദിക്കുന്ന കരാർ എന്നിവയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്/ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 256 വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടേണ്ടതും 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി നിശ്ചിത വിലയിലുള്ള സ്റ്റാമ്പ് പേപ്പറിൽ കരാർ ചമക്കേണ്ടതുമാണ്.

## 1-16 സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് 05.11.2020 ലെ ജി.ഒ (പി) നം 152/2020/ധന പ്രകാരം സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021 ലെ TRY/1850/2021-E1 നമ്പർ കത്ത് പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശവും ഉണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല. പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ തന്നെ ന്യൂമാഹി ഗ്രാമപഞ്ചായത്ത് ജീവനക്കാർ ആർജ്ജിതാവധി പണമായി മാറ്റിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ/തീയ്യതി | ക്രമ നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക | തുക ₹ |
|---|---|---|---|---|
| 22100104/07-06-2021 | 1 | അജിത്ത് കുമാർ. പി. | ഹെഡ് ക്ലർക്ക് | 57054 |
| | 2 | ശ്രീഷ സി. കെ. | സീനിയർ ക്ലർക്ക് | 45843 |
| | 3 | ശ്രീന. പി. വി. | സീനിയർ ക്ലർക്ക് | 44733 |
| | 4 | അമൃത. എസ്. | സീനിയർ ക്ലർക്ക് | 43623 |
| | 5 | ദീപു കുമാർ. എസ്. | അക്കൗണ്ടന്റ് | 53058 |
| | 6 | നിഷ. പി. വി. | അസിസ്റ്റന്റ് സെക്രട്ടറി | 67377 |
| | | | ആകെ | 311688 |

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന ഉത്തരവ് പ്രകാരം 01.06.2021 മുതൽ 6 മാസത്തേക്കുകൂടിയും പിന്നീട് വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 31-12-2022 തീയതി വരെയും ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ആർജിതാവധി സറണ്ടർ അനുവദിച്ചത് സംബന്ധിച്ച് 12/03.03.2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ സർക്കാരിൽ നിന്നുള്ള തുടർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-17 പെൻഷൻ വിതരണം- മരണപ്പെട്ട ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാത്തത് മൂലം പെൻഷൻ തുക അധികമായി നൽകപ്പെടുന്നു

ന്യൂമാഹി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തെ ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന റാൻഡം പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | ഡെത്ത് രജിസ്ട്രേഷൻ നമ്പർ&തീയതി | മരണപ്പെട്ട തീയതി | പെൻഷൻ തരം | പെൻഷൻ തുക അവസാനമായി വിതരണം ചെയ്ത മാസം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| ടി ദേവൂട്ടി | 451177235427 | 111530200114 | 67/2021, 21.10.2021 | 5.08.2021 | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 2/2022 | 1600x6 =9600 |

| | | | | | | | |
|---|---|---|---|---|---|---|---|
| കെ ലീല | 366738953275 | 111530201026 | 74/21,6.11.2021 | 10.10.2021 | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 2/2022 | 1600x4 =6400 |
| വസന്തൻ കെ | 248641289508 | 111530200758 | 77/21, 6.11.2021 | 15.10.2021 | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 2/2022 | 1600x4 =6400 |
| ആലിക്കോയ വി കെ | 710665499692 | 111530200597 | 80/21,1.12.2021 | 5.11.2021 | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 2/2022 | 1600x3 =4800 |
| ചെള്ളത്ത് ഹംസ | 275675397836 | 111530200902 | 51/21, 26.07.2021 | 17.07.2021 | സാമൂഹ്യ സുരക്ഷ പെൻഷൻ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 8/2021 | 1600x1 =1600 |
